# ഒരു അമേരിക്കൻ യാത്രാവിവരണം

അമേരിക്കയിലേക്ക് ഒരു യാത്ര പുറപ്പെടുകയാണ്. പെട്ടികളെല്ലാം പാക്ക് ചെയ്ത് തിരുവനന്തപുരം എയർപോർട്ടിൽ എത്തി. ഞാനും എന്റെ ഭർത്താവും കൂടിയാണ് യാത്ര പോകുന്നത്. ഇളയമകനാണ് യാത്ര അയക്കാൻ വന്നത്. അമേരിയ്ക്കയിൽ മൂത്ത മകനും ഭാര്യയും അവർക്കൊരു കുഞ്ഞും ഉണ്ട്. ആ കുഞ്ഞിനെ കാണാൻ വേണ്ടിയാണ് ഈ യാത്ര. 70 വയസ്സ് പ്രായത്തിനകം ആദ്യത്തെ അനുഭവങ്ങളാണിതെല്ലാം. എയർപ്പോർട്ടിനകത്തു കയറിയപ്പോൾ തന്നെ വീൽ ചെയർ അസിസ്റ്റന്റിനെ ഏർപ്പാടാക്കിയിരുന്നു. ഞങ്ങൾ രണ്ടും വീൽചെയറിൽ ഇരുന്നു.അവർ ലെഗേജ് ചെക്കിൻ ചെയ്യാനും മറ്റും സഹായിച്ചു, ഫ്ളൈറ്റിനകത്തു കയറി സീറ്റിലിരുന്ന് എല്ലാം അതിശയം പോലെ നോക്കി കണ്ടു. വിമാന റാഞ്ചൽ തടയാൻ സ്കൈമാർഷൽമാർ ഉണ്ടെന്ന് കേട്ടിട്ടുണ്ട്. ഞാൻ ആദ്യം തന്നെ അവരെയാണ് തിരഞ്ഞുകൊണ്ടിരുന്നത്. എനിക്ക് സൈഡ് സീറ്റായിരുന്നു. സീറ്റ് ബെൽറ്റിട്ട് ഫ്ളൈറ്റ് പറന്നു പൊങ്ങിയ ശേഷം നിർദേശമില്ലെങ്കിലും ഫോൺ ഓൺ ചെയ്ത് ഫോട്ടോയും വീഡിയോയും എടുത്തുകൊണ്ടിരുന്നു. 4.10am ന് തിരുവനന്തപുരത്തു നിന്ന് യാത്ര ആരംഭിച്ച് 8.30am ന് ദുബായിൽ എത്തി.ഇതിനകം പ്രഭാത ഭക്ഷണം കഴിച്ചു.

ദുബായിൽ നിന്നും എമറൈറ്റിന്റെ ഫ്ളൈറ്റിലായിരുന്നുയാത്ര. 13 മണിക്കൂർ ഒരേ പോലെയുള്ള യാത്രയായിരുന്നു. സീറ്റ് നിവർത്തിക്കിടന്നും അല്പസമയം എഴുന്നേറ്റ് നിന്നും ഫ്ളൈറ്റിലെ ഭക്ഷണം കഴിച്ചും ഒക്കെ ന്യൂയോർക്കിൽ എത്തി. ഇൻഡ്യയിൽ നിന്നും പകൽ തുടങ്ങിയ യാത്ര ന്യൂയോർക്കിൽ എത്തിയപ്പോഴും പകൽ തന്നെയായിരുന്നു. വീൽചെയർവളഞ്ഞു തിരിഞ്ഞുള്ള എമിഗ്രേഷൻ ക്യൂവിൽ നിന്നും ഡെൽറ്റഗ്രൗണ്ട് സ്റ്റാഫിന്റെ എന്തിനാണ് വന്നത് എത്ര നാൾ നിൽക്കും എന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറഞ്ഞ് ലെഗേജ് കളക്റ്റ് ചെയ്ത് പുറത്തു വന്നു. മകനും ഭാര്യയും കുഞ്ഞും ഞങ്ങളെ പ്രതീക്ഷിച്ച് നിന്നിരുന്നു. വീട്ടിൽ വന്നു ഭക്ഷണമൊക്കെ കഴിച്ച് പകലാണെങ്കിലും നമ്മുടെ രാത്രിയാണല്ലോ ഉറങ്ങിപ്പോയി.

പീന്നിട് പല സ്ഥലങ്ങൾ കാണാനായിപ്പോയി. ആദ്യം ന്യൂയോർക്ക് സിറ്റി കാണാനായാണ് പോയത്. ഏറ്റവും ജനസാന്ദ്രതയുള്ള നഗരമാണ് ന്യൂയോർക്ക്. എല്ലാ രാജ്യത്തുനിന്നും കുടിയേറി വന്നവരാണ് അവിടയെുള്ളവരെന്ന് അറിയാൻ കഴിഞ്ഞു. അനേകം ഭാഷ സംസാരിക്കുന്നവരെയും അനേകം വേഷം ധരിക്കുന്നവരെയും അവിടെ കണ്ടു. അതുകൊണ്ട് തന്നെ നാനാതരത്തിലുള്ള ഭക്ഷണവും അവിടെ കിട്ടുന്നുണ്ടായിരുന്നു. ന്യൂആംസ്റ്റർഡാം എന്നായിരുന്നു ഈ നഗരത്തിന്റെ പേര്. അറ്റ്ലാന്റിക് തീരത്താണ് ഈ നഗരം സ്ഥിതി ചെയ്യുന്നത്. സബ്‌വേ എന്നറിയപ്പെടുന്ന അണ്ടർഗ്രൗണ്ട് ട്രെയിനിലാണ് ഞങ്ങൾ ഇവിടെ വന്നത്. പിന്നീട് ഞങ്ങൾ എംപയർസ്റ്റേറ്റ് *ബിൽഡിംഗ് കാണാനാണ് പോകുന്നത്. അവിടേക്ക് പോകുന്ന വഴി ഒരു ബോംബ് സ്ഫോടനത്തിന്* ദൃക്സാക്ഷികളാകേണ്ടി വന്നു. ഒരു മഞ്ഞ ടാക്സിയിലായിരുന്നു ഞങ്ങളുടെ യാത്ര. അപ്പോൾ ഭയാനകമായ സ്ഫോടനശബ്ദവും ജനത്തിരക്കും പോലീസും ആകെ ഒരു ഭീകരാന്തരീക്ഷം, ഗാർബേജ് ബോക്സിൽ നിന്നും ഒരു കുക്കർ ബോംബ് പൊട്ടിയതായിരുന്നു. മിടുക്കനായ ഡ്രൈവർ ഏതൊക്കെയോ വഴിയിലൂടെ ഞങ്ങളെ യഥാസ്ഥാനത്ത് കൊണ്ടെത്തിച്ചു.

ലോകത്തിലെ ഏറ്റവും വലിയ കെട്ടിടങ്ങളിൽ ഒന്നാണ്എംപയർസ്റ്റേറ്റ് ബിൽഡിംഗ്. 102 നിലകളുള്ള ബിൽഡിംഗിന്റെ 86-ാം നിലവരെ ഞങ്ങൾ കയറി. ബുള്ളറ്റ് ക്രെയിൻ എന്നറിയപ്പെടുന്ന ഹൈസ്പീഡ് ലിഫ്റ്റ് വഴിയാണ് കയറിയത്. മുകളിൽ നിന്നാൽ ന്യൂയോർക്ക് മുഴുവൻ കാണാം. 2001 സെപ്റ്റംബർ 11ന് ട്വിൻടവർ തകർന്ന് വീഴുന്ന കാഴ്ച്ച ടെലിവിഷനിൽ കണ്ടപ്പോൾ ഒരിക്കലും ചിന്തിച്ചിരുന്നില്ല അവിടം നേരിൽ കാണാൻ കഴിയുമെന്ന്. അവിടെ ഗ്രൗണ്ട്സീറോ സ്മാരകം കാണാം. അന്നത്തെ അത്യാഹിതത്തിൽ മരിച്ചവരുടെയെല്ലാം പേരുകൾ കൊത്തിവച്ച സ്മാരകമാണത്. എല്ലാം കണ്ട് ഞങ്ങളുടെ കാറിൽ കറങ്ങി വരുമ്പോൾ നഗരമദ്ധ്യത്തിൽ സംരക്ഷിതവനങ്ങൾ,അതെല്ലാം നാഷണൽ പാർക്കുകളാണ്.

അവിടത്തെ വീടുകൾ പുറമേ ഒതുക്കമുള്ളതായി തോന്നുമെങ്കിലും അകത്ത് ധാരാളം സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. മിക്ക വീടുകളിലും ബേസ്മെന്റ് ഉണ്ട്. അതിനുതന്നെ സാധാരണ ഒരു വീടിന്റെ സൗകര്യം ഉണ്ട്. മിക്ക വീടുകളിലും തടി കൊണ്ടുള്ളതാണെങ്കിലും, നൂറ് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വീടുകളും,ഫ്ളാറ്റുകളുംഇഷ്ടികയിൽ തീർത്തിട്ടുള്ളത് ന്യുയോർക്കിൽ കണ്ടു.

ഒരു വർഷത്തോളം ഞങ്ങൾ അവിടെ താമസിച്ചു. ധാരാളം കാഴ്ച്ചകൾ കാണാനുള്ള അവസരം ഉണ്ടായി. ചരിത്ര സ്മാരകങ്ങൾ,അക്വേറിയങ്ങൾ,മ്യൂസിയങ്ങൾ, പാർക്കുകൾ,ബീച്ചുകൾ, റെസ്റ്റോറന്റുകൾ,മാളുകൾ,തിയറ്ററുകൾ,റെയിൽവേസ്റ്റേഷനുകൾ, എയർപോർട്ടുകൾ, വൈറ്റ് ഹൗസ്, പാർലമെന്റ് എന്നു വേണ്ട പറഞ്ഞറിയിക്കാൻ പറ്റാത്ത കാഴ്ചകളും, യാത്രകളും,അനുഭവ ങ്ങളും ആയിരുന്നു. അതിൽ മറക്കാനാകാത്ത രണ്ട് യാത്രയായി രുന്നു സ്റ്റാച്യൂ ഓഫ് ലിബർട്ടിയും, നയാഗ്രാ വെള്ളച്ചാട്ടവും കാണാൻ പോയത്.

ലോകാത്ഭുതങ്ങളിലൊന്നായ സ്റ്റാച്ച്യൂ ഓഫ് ലിബർട്ടി കാണാൻ പോയത് ന്യൂജേഴ്സിയിൽ നിന്നാണ്. ലിബേർടാസ് എന്ന റോമൻ ദേവതയുടെ ശില്പമാണ് സ്റ്റാച്ചു, അമേരിക്കയുടെ നൂറാമത് സ്വാതന്ത്രിദിനത്തിൽ 1886-ൽ ഫ്രാൻസ് സ്നേഹസമ്മാന മായി അമേരിക്കയ്ക്ക് നല്കിയതാണ് ഈപ്രതിമ. ഇതിന് ആകെ 305അടി ഉയരമാണുള്ളത്. പ്രതിമയ്ക്ക് മാത്രം 151അടി പൊക്കമുണ്ട്. ഈ പ്രതിമയുടെ ശില്പിയും ഡിസൈനറും ഫെഡറിക്ക്അഗസ്റ്റി ആണ്, ലിബേർട്ടാസ് എന്ന ദേവതയുടെ ശില്പം ചെയ്തു വന്ന പ്പോൾ ശില്പിയുടെ അമ്മയുടെ മുഖഛായ ഉണ്ടായി എന്ന് പറയപ്പെ ടുന്നു. ഈ സ്റ്റാച്ചു മുഴുവൻ ലോഹങ്ങൾകൊണ്ടാണ് നിർമ്മിച്ചിരിക്കു ന്നത്.ശില്പം 31ടൺ കോപ്പറും,125ടൺ സ്റ്റീലും ഉൾപ്പെടെ 450000 പൗണ്ട് ആണ് ഭാരം. ഞങ്ങൾ മിഡിൽ വരെ കയറി. ധാരാളം ഫോട്ടോ കളും വീഡിയോകളും എടുത്തു. നല്ലൊരനുഭവമായിരുന്നു അത്.

ലോകാത്ഭുതങ്ങളിൽ മറ്റൊന്നായ നയാഗ്രയിലേക്കായി രുന്നു അടുത്ത യാത്ര. കാർ യാത്രയിൽത്തന്നെ നദികളുടെ ഒഴുക്ക് കണ്ട് തീരത്തുകൂടി ആയിരുന്നു വന്നത്. ടിക്കറ്റ് എടുത്ത് റെയിൻകോട്ട് ധരിച്ചു കൊണ്ട് ഫെറിയിൽ കയറി യാത്ര ആരംഭിച്ചു. അമേരിക്കയുടെയും കാനഡയുടെയും കപ്പലുകൾ(ഫെറി)പോകുന്നു ണ്ടായിരുന്നു. നീലറെയിൻകോട്ട്അമേരിക്കയുടെയും, ചുവന്ന റെയിൻകോട്ട് കാനഡയുടെതുമാണ്. നാലുമാസംപ്രായമായ കുഞ്ഞും വാർദ്ധക്യത്തിലെത്തിയ ഞങ്ങളും ഉള്ളതുകൊണ്ട് മുകൾത്തട്ടിൽ കയറിയില്ല. മിഡ് ഓഫ് ദി മിസ്റ്റിൽക്കൂടിയാണ് കപ്പൽ പോകുന്നത്. ഞങ്ങൾ യാത്ര ചെയ്യുന്ന നദിയുടെ ഒരു വശത്ത് അമേരിക്കയും മറു കരയിൽ കാനഡയുമാണ്. കാനഡയിൽ നിന്നും അമേരിക്കയിൽ നിന്നും ഉള്ള വെള്ളച്ചാട്ടത്തിനിടയിൽക്കൂടിയാണ് യാത്ര. പ്രകൃതി

യുടെ മനോഹരമായ സൃഷ്ടിയാണ് നയാഗ്ര. ആഅവിശ്വസനീയമായ കാഴ്ചകൾ കണ്ടും അനുഭവിച്ചും ക്യാമറയിൽ പകർത്തിയും കര യിൽ എത്തി. പീന്നിട് കേവ് ഓഫ് വിന്റ് കാണാൻ പോയി, 1920-ൽ ഒരു ഗുഹ ഉണ്ടാക്കി അതിൽ പടികൾ പണിത് ആ വെള്ളച്ചാട്ട ത്തിന്റെ മുകളിൽ എത്താനുള്ള സൗകര്യം ഉണ്ട്. അതു കാണാൻ ടിക്കറ്റ് എടുത്തു. പച്ച റെയിൻകോട്ടും ചപ്പലും ധരിച്ചുകൊണ്ടായി രുന്നു യാത്ര. മകൻ ഞങ്ങളെ പിടിച്ച് മുകളിൽ കൊണ്ടെത്തിച്ച്, ആ അപാര വെള്ളച്ചാട്ടത്തിനടിയിൽ നില്ക്കുന്ന കാഴ്ച്ച മകൻ വീഡിയോ യിൽ പകർത്തി.

ഒരു വശത്തു കൂടിക്കയറി മറുവശത്തുകുടിയായിരുന്നു ഇറക്കം. നയാഗ്രയുടെ രാത്രികാല ലൈറ്റുകളും കാഴ്ചകളും കണ്ടി ട്ടാണ് മടങ്ങിയത്. ഇനിയും ധാരാളം നല്ല അനുഭവങ്ങൾ ഉണ്ട്.കണ്ടു തീർക്കാൻ പറ്റാത്ത അത്ര കാഴ്ചകളുടെ നിലവറയാണ് അമേരിക്ക, ഇനിയും അവസരം കിട്ടിയാൽ പോകാനുള്ള ആഗ്രഹവുമായി തത്കാലം നിർത്തുന്നു.

സുധാമണിആനന്ദൻ